**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2352** **12-12-2022 - ൽ മറുപടിയ്ക്ക്**

**ക്യാൻസർ രോഗം മുൻകൂർ നിർണ്ണയിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്യാൻസർ രോഗ മുൻകൂർ നിർണ്ണയത്തിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സർക്കാർ സംവിധാനങ്ങൾ ഏതെല്ലാം എന്ന് വിശദീമാക്കാമോ; | (എ) | ജില്ലാ കാൻസർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി എല്ലാ ജില്ലകളിലും കാൻസർ സ്ക്രീനിംഗും, അർബുദ രോഗ ബോധവത്കരണവും നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. നവകേരള കർമ്മ പദ്ധതിയുടെ കീഴിൽ ആർദ്രം-2 ന്റെ ഭാഗമായുള്ള ജനസംഖ്യാധിഷ്ഠിത ജീവിതശൈലിരോഗ നിർണ്ണയ പദ്ധതി നടപ്പിലാക്കുന്നതിനുള്ള 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന ക്യാമ്പയിനായി രൂപകല്പന ചെയ്ത 'ശൈലി' ആപ്ലിക്കേഷൻ വഴി ആശാപ്രവർത്തകർ വഴി കാൻസർ രോഗ സാദ്ധ്യതയുള്ള ജനങ്ങളെ കണ്ടെത്തുന്നതിനും അവരെ സ്ക്രീനിംഗിന് വിധേയരാക്കുന്നതിലൂടെ കാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും സാധ്യമാകുന്നുണ്ട്. ശൈലി ആപ്ലിക്കേഷൻ ഉപയോഗിച്ച് ഗൃഹസന്ദർശനം നടത്തി കാൻസർ രോഗ ലക്ഷണം കണ്ടെത്തുന്ന ജനങ്ങൾക്ക് പ്രാഥമിക പരിശോധന നൽകുന്നത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, കുടുംബാരോഗ്യ കേന്ദ്രങ്ങളിലുമാണ്. പ്രാഥമിക പരിശോധന നടത്തുന്ന പ്രാഥമിക തലത്തിലുള്ള ഈ കേന്ദ്രങ്ങളിലൂടെ വദനാർബുദം, സ്തനാർബുദം, ഗർഭാശയഗളാർബുദം എന്നീ രോഗങ്ങളുടെ പ്രാഥമിക പരിശോധന നടത്തുകയും രോഗം സംശയിക്കുന്നവരെ സ്ഥിരീകരണത്തിനായി താലൂക്ക്, ജില്ലാ ആശുപത്രികളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ഇതിനായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ റീജിയണൽ കാൻസർ സെന്ററുകളുടെ സഹായത്തോടെ ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നുണ്ട്.<br><br>ഇതോടൊപ്പം കാൻസറിലേക്ക് നയിക്കുന്ന ഹേതുക്കളെക്കുറിച്ചുള്ള ആരോഗ്യ ബോധവത്കരണവും ഈ പദ്ധതിയുടെ ഭാഗമായി |

നടപ്പിലാക്കി വരുന്നു. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായിട്ടാണ് ജില്ലാ കാൻസർ കെയർ പദ്ധതിയും സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നത്.

കേരള കാൻസർ കൺട്രോൾ സ്റ്റാറ്റജി പ്രകാരം, എല്ലാ ജില്ലകളിലും അർബുദ നിയന്ത്രണ പരിപാടിയുടെ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇത് പ്രകാരം എല്ലാ കുടുംബാരോഗ്യകേന്ദ്രങ്ങളിലും പ്രാരംഭ അർബുദ നിർണയത്തിനായുള്ള സ്ക്രീനിങ്ങ് ക്ലിനിക്കുകൾ എല്ലാ ആഴ്ചയിലും പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതിനായുള്ള ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനങ്ങൾ പൂർത്തീകരിച്ചുവരികയാണ്. പൊതുജനങ്ങൾക്ക് ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

കാൻസറിനെപ്പറ്റിയുള്ള അവബോധം ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള ലക്ഷ്യത്തിൽ ഊന്നൽ നൽകിക്കൊണ്ടാണ് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാ കാൻസർ നിയന്ത്രണപദ്ധതി (DCCP- District Cancer Control Programe) ആരംഭിച്ചിട്ടുള്ളത്. ജനങ്ങളെ ബോധവാന്മാരാക്കുകയും സംശയമോ രോഗലക്ഷണമോ ഉള്ളവർക്ക് ഏറ്റവും അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ രോഗനിർണ്ണയം നടത്തുവാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയുമാണ് **DCCP** യിലൂടെ ഉദ്ദേശിക്കുന്നത്. ജില്ലാ കാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയും സമൂഹികാരോഗ്യ കേന്ദ്രങ്ങളിലേയും ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും മുൻകൂർ രോഗനിർണ്ണയത്തിനും കാൻസർ മുന്നോടിയായി ചികിൽസിക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്. ഇതിന് പുറമേ താലൂക്ക് ആശുപത്രികളിലേയും ജില്ലാ ആശുപത്രികളിലേയും ഡോക്ടർമാർക്ക് ആരംഭദശയിലുള്ള കാൻസറുകളുടെ ചികിത്സക്കായി പരിശീലനം നടത്തുവാനുള്ള നടപടികൾ നടന്ന് വരുന്നു.

ഇതിന്റെ പശ്ചാത്തലത്തിൽ ആർ.സി.സിയുടെ നേതൃത്വത്തിൽ ജില്ലാ കാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ആശാപ്രവർത്തകർക്കുള്ള പരിശീലനം നടന്ന് കഴിഞ്ഞു. ജില്ലയിലെ കുടുബരോഗ്യ കേന്ദ്രങ്ങളിലേയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും ഡോക്ടർമാർക്കും എം എൽ എസ് പി (Mid Level Service Provides) മാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും പരിശീലനവും പ്രാക്ടിക്കൽ

| | | | |
|---|---|---|---|
| | | | പരിശീലനവും ആർ.സി.സിയുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിൽ വച്ച് നടന്ന് കൊണ്ടിരിക്കുകയാണ്. ഇതിന് പുറമേ താലൂക്ക് ആശുപത്രികളിലേയും ജില്ലാ ആശുപത്രികളിലേയും ഡോക്ടർമാർക്ക് ആരംഭദശയിലുള്ള കാൻസറുകളുടെ ചികിത്സക്കായി പരിശീലനം നടത്തുവാനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | എല്ലാ നിയോജക മണ്ഡലങ്ങളിലും ഏർലി കാൻസർ ഡിറ്റക്ഷൻ സെന്ററുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; | (ബി) | നിലവിൽ പരിഗണനയിൽ ഇല്ല. |
| (സി) | ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രസ്തുത സെന്റർ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ